**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5094** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് റീസർവ്വേ നടപടികൾ പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചെറുന്നിയൂർ, ഒറ്റൂർ, കരവാരം, ആലംകോട്, വെള്ളല്ലൂർ, നഗരൂർ, കിളിമാനൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, കൊടുവാഴന്നൂർ, മണമ്പൂർ, വക്കം എന്നീ വില്ലേജുകൾ പൂർണ്ണമായും, കീഴാറ്റിങ്ങൽ വില്ലേജ് ഭാഗികമായും റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | റീസർവ്വേ നടപടി പൂർത്തിയാക്കാത്ത വില്ലേജുകളിൽ കരം തീരുവ ഒടുക്കുവാനാകാത്ത സാഹചര്യം ഉണ്ടോ; ഓൺലൈൻ സേവനങ്ങൾ ഉപയോഗിച്ച് ഫീസുകൾ അടയ്ക്കാനാവാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | റീസർവ്വെ പൂർത്തിയായ വില്ലേജുകളിലും റീസർവ്വെ പൂർത്തിയാകാത്ത വില്ലേജുകളിലും ReLIS സംവിധാനം മുഖാന്തിരം ഓൺലൈൻ സംവിധാനത്തിലൂടെ ഭൂനികുതി സ്വീകരിക്കുന്നുണ്ട്. നിലവിൽ താഴെ പറയു ന്ന നികുതികൾ /ഫീസുകൾ ഓൺലൈനായി അടക്കാവുന്നതാണ്.<br>1. അടിസ്ഥാന ഭൂനികുതി<br>2. പോക്കുവരവ് ഫീസ്<br>3. കർഷക തൊഴിലാളി ക്ഷേമനിധി വിഹിതം.<br>4. തോട്ട നികുതി<br>5. അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പകർപ്പ് ഫീസ്<br>6. ഫീൽഡ് മെഷർമെന്റ് ബുക്ക് പകർപ്പ് ഫീസ്<br>7. ലൊക്കേഷൻ മാപ്പ് ഫീസ്<br>8. തണ്ടപ്പേർ പകർപ്പ് ഫീസ്<br>9. ഭൂമി സ്വഭാവ വ്യതിയാനം ഫീസ്<br>10. വിവിധ സാക്ഷ്യപത്രങ്ങൾക്കുള്ള ഫീസ് |

സെക്ഷൻ ഓഫീസർ